"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം ജയിൽ
വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 12-07-2021

## സർക്കുലർ നം 46

കേരളത്തിലെ പ്രോബേഷൻ സംവിധാനത്തിൻറെ ശാക്തീകരണത്തിനായി പ്രൊബേഷൻ ഓഫ് ഒഫൻറേഴ്സ് ആക്ടിൻറെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രൊബേഷനെക്കുറിച്ചുള്ള വീക്ഷണം,ഇടപെടൽ,ദൌത്യം എന്നിവയും പ്രൊബേഷൻ സംവിധാനത്തിൻരെ ചുമതലകൾ വ്യക്തമാക്കിക്കൊണ്ടുള്ള പ്രോട്ടോക്കോളും 05/03/21 ലെ സ.ഉ (സാധാ) നം 206/2021/സാ,നീ.വ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്.പ്രസ്തുത പ്രോട്ടോക്കോളിൽ പരാമർശിച്ചിട്ടുള്ള ജയിൽ വകുപ്പിൻറെ ചുമതലകളും ഉത്തരവാദിത്തങ്ങളും നടപ്പിലാക്കേണ്ടതിൻറെ ഭാഗമായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

### Pre Trial Stage

1.18 നും 21നും ഇടയിൽ പ്രായമുള്ള പ്രതികളെ റിമാൻഡ് ചെയ്യുമ്പോൾ, കുറ്റവാസന കുറയ്ക്കുന്നതിന് ലക്ഷ്യമിട്ട് ആവശ്യമായ സാമൂഹിക-മാനസിക പിന്തുണ നൽകുന്നതിലേയ്ക്കായി ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസിലേക്ക് ടി പ്രതികളുടെ വിവരങ്ങൾ അതത് ജയിൽ സൂപ്രണ്ടുമാർ അറിയിക്കേണ്ടതാണ്.

2. പ്രൊബേഷൻ സേവനങ്ങളുടെ ഭാഗമായി ജില്ലാ പ്രൊബേഷൻ ഓഫീസർ അല്ലെങ്കിൽ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ കീഴിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥർക്ക് റിമാൻഡ്/ശിക്ഷാ തടവുകാരുമായി അഭിമുഖം നടത്തുന്നതിനും അവർ ചെയ്ത ക്രൈം സംബന്ധിച്ച വിവരശേഖരണത്തിനും ആവശ്യമായ സൌകര്യം അതത് ജയിൽ സൂപ്രണ്ടുമാർ നല്കേണ്ടതാണ്.

3. ജില്ലാ പ്രൊബേഷൻ ഓഫീസുകളുമായി സഹകരിച്ച് പ്രൊബേഷൻ സേവനങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിന് തടവുകാർക്ക് ബോധവൽക്കരണ ക്ലാസുകളും IEC കാമ്പെയ്നുകളും സംഘടിപ്പിക്കുവാൻ ജയിൽ സൂപ്രണ്ടും വെൽഫയർ ഓഫീസറും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

### Post Release service

1. കുറ്റവാസനയുള്ളവരോ അഭയകേന്ദ്രങ്ങളില്ലാത്തവരോ അല്ലെങ്കിൽ മാനസിക-സാമൂഹിക പിന്തുണയോ പരിവർത്തനമോ നിയമ സഹായമോ ആവശ്യമുള്ളതുമായ റിമാൻഡ്/ശിക്ഷാ തടവുകാർക്ക് ജില്ലാ പ്രൊബേഷൻ ഓഫീസുമായി ബന്ധപ്പെട്ട് പ്രൊബേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ജയിൽ സൂപ്രണ്ട്/വെൽഫയർ ഓഫീസർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ജയിലുകളിലെ വെൽഫെയർ ഓഫീസർമാർ, പ്രതികൾ ചെയ്ത കുറ്റകൃത്യത്തിന്റെ സ്വഭാവത്തെയും റെസിഡിവിസത്തിന്റെ സാധ്യതയെയും വിലയിരുത്തിയ ശേഷം, പ്രതി സന്നദ്ധനാണെങ്കിൽ, സൈക്കോ-സോഷ്യൽ / ഡി-ആഡിക്ഷൻ സേവനങ്ങൾക്കും പരിവർത്തനത്തിനുമായി ജില്ലാ പ്രൊബേഷൻ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കായി പ്രസ്തുത സർക്കാർ ഉത്തരവിൻറെ പകർപ്പും ഉള്ളടക്കം ചെയ്യുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

പകർപ്പ് : ഫയൽ